# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

പേര്: ..........................................................

# ദൈവം

## യൂണിറ്റ് A

## പഠനം 1. ദൈവത്തെക്കുറിച്ചുള്ള അടിസ്ഥാനസത്യങ്ങൾ

**താക്കോൽവാക്യം: 1 തെസ്സലൊനികൃർ 1:9**

**"ജീവനുള്ള സത്യദൈവത്തെ സേവിപ്പാനും .... നിങ്ങൾ വിഗ്രഹങ്ങളെ വിട്ടു ദൈവത്തിങ്കലേയ്ക്കു .... തിരിഞ്ഞു വന്നു."**

ക്രിസ്തുമാർഗ്ഗത്തിന്റെ ആദ്യനാളുകളിൽ, ദൈവം പൗലൊസ് എന്നു പേരായ ഒരു മനുഷ്യനെ ഏറ്റവും പ്രധാനപ്പെട്ട ഒരു ദൗത്യം നിർവ്വഹിക്കുന്നതിനായി തിരഞ്ഞെടുത്തു. അവൻ നാനാദേശങ്ങളിലും വ്യത്യസ്ത സംസ്കാരസമൂഹങ്ങളിലുമുള്ള സകല ജനങ്ങളുടെയുമിടയിലേയ്ക്ക് തന്റെ ദൗത്യവുമായി ദൈവം അയച്ച അവിടുത്തെ ഒരു സന്ദേശവാഹകനായിരുന്നു. അവന്റെ യാത്രകളിൽ, അവൻ പലപ്പോഴും ദൈവത്തെക്കുറിച്ചു വളരെ കുറച്ചു കാര്യങ്ങൾ മാത്രം ഗ്രഹിച്ചിട്ടുള്ളവരെയും, ദൈവത്തെക്കുറിച്ചു വളരെ തെറ്റായ ധാരണകൾ വെച്ചുപുലർത്തുന്നവരെയുമെല്ലാം കണ്ടുമുട്ടുകയുണ്ടായി. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, പൗലൊസിന് ദൈവവിശ്വാസം സംബന്ധിച്ച ബാലപാഠം മുതൽ തന്നേ ആരംഭിക്കേണ്ടതായി വന്നു. അവന് അവരോട് ദൈവത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ സത്യങ്ങൾ തന്നേ പറയേണ്ടത് ആവശ്യമായി വന്നു.

അങ്ങനെ പൗലൊസ് അഥേനയിൽ എത്തിച്ചേർന്നു. ആ പട്ടണം ഒരു കാലത്ത് ഒരു വലിയ വിജ്ഞാനകേന്ദ്രമായിരുന്നു. തത്ത്വചിന്തകന്മാർ ഏറ്റവും നൂതനമായ ചിന്തകളെയും ആശയങ്ങളെയും കുറിച്ചു ചർച്ച ചെയ്യുന്നതിനായി ചന്തസ്ഥലങ്ങളിൽ ഒരുമിച്ചുകൂടുക പതിവായിരുന്നു. ആത്മീയവിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സദാ സന്നദ്ധനായിരുന്ന പൗലൊസ് ഇങ്ങനെയുള്ള ഒരു കൂട്ടം ആൾക്കാരുമായി കുറെ സമയം ചെലവഴിച്ചു. ആ മനുഷ്യർ അവരുടേതായ രീതികളിൽ ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും നന്മയെക്കുറിച്ചും തിന്മയെക്കുറിച്ചുമെല്ലാം ഗ്രഹിക്കുവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അവരുടെ കൂട്ടത്തിൽ ചിലർ എപ്പിക്കൂര്യർ എന്നറിയപ്പെടുന്നവർ ആയിരുന്നു. അവർ തങ്ങളുടെ ജീവിതത്തിൽ സമാധാനവും സന്തോഷവും അനുഭവിക്കുവാൻ ഇടയാക്കുന്ന ഒരു ജീവിതരീതി അന്വേഷിക്കുന്നവരായിരുന്നു. അവിടെയുണ്ടായിരുന്ന മറ്റൊരു കൂട്ടർ സ്തോയിക്കർ എന്നറിയപ്പെടുന്നവരായിരുന്നു. ഒരാളുടെ ജീവിതത്തിൽ വിധി സമ്മാനിക്കുന്നതെന്തോ അതിനെ സ്വീകരിക്കുക എന്നതായിരുന്നു അവർ പുലർത്തിയിരുന്ന വിശ്വാസം. ഈ രണ്ടു കൂട്ടർക്കും ഒരു നിത്യതയെക്കുറിച്ച്, അഥവാ വരുവാനുള്ള ജീവിതത്തെക്കുറിച്ച്, പ്രത്യാശ ഉണ്ടായിരുന്നില്ല. അവിടെ കണ്ടതായ കാര്യങ്ങളെക്കുറിച്ച് പൗലൊസിന് വളരെ ദു:ഖം തോന്നി. ഈ ജനം മറ്റു പലരെയും പോലെ "**പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു**" (എഫെസ്യർ 2:12).




പൗലൊസിന് വളരെ വേഗം അവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ സാധിച്ചു. അവരിൽ ചിലർ ഇങ്ങനെ പറഞ്ഞു, "ഇവൻ നമ്മളെല്ലാവരും ഏതോ അന്യദേവന്മാരിൽ വിശ്വസിക്കണമെന്നു പറയുന്ന ഒരു ഒരു വിടുവായനാണ്". എന്നാൽ പൗലൊസിന്റെ വാക്കുകൾ കേട്ടുകൊണ്ടിരുന്ന മറ്റുള്ളവർക്ക് അവൻ പറഞ്ഞ വിഷയത്തിൽ നല്ല താല്പര്യം തോന്നി. അങ്ങനെ അവർ അവനെ അനേകർ ഒത്തുകൂടുന്ന ഒരു പൊതുസ്ഥലത്തേയ്ക്കു കൂട്ടിക്കൊണ്ടു പോയി. അവിടെ വെച്ച് അവന് യാതൊരു തടസ്സവാദങ്ങളും ഇല്ലാതെ അവൻ പ്രസ്താവിക്കുന്ന ഈ പുതിയ വിശ്വാസം എന്താണെന്നും

**വായിക്കുക: അപ്പൊസ്തല പ്രവൃത്തികൾ 17: 16 – 34**

ആരെക്കുറിച്ചാണെന്നും അവരോടെല്ലാവരോടും വളരെ വ്യക്തമായി പറയുവാൻ സാധിച്ചു.

പരിചയസമ്പന്നരായ ഏതൊരു നല്ല ഗുരുക്കന്മാരും പ്രസംഗകരും ചെയ്യാറുള്ളതുപോലെ തന്നേ, പൗലൊസ് തന്റെ ശ്രോതാക്കൾക്ക് ഏറെ പരിചയമുള്ളതും അവർക്ക് താല്പര്യമുള്ളതുമായ ഒരു വിഷയം പരാമർശിച്ചുകൊണ്ട് തന്റെ പ്രഭാഷണം ആരംഭിച്ചു. അവരുടെ പട്ടണത്തിൽ എവിടെ നോക്കിയാലും ധാരാളം പൂജാസ്ഥാനങ്ങൾ കാണാമായിരുന്നു. അവിടെ "**അജ്ഞാതദേവന്**" എന്ന എഴുത്തോടുകൂടിയ ഒരു വേദിക്കല്ല് സ്ഥാപിച്ചിരിക്കുന്നത് പൗലൊസിന്റെ ശ്രദ്ധയിൽ പെട്ടിരുന്നു(വാക്യം 23). ഏകസത്യദൈവത്തെക്കുറിച്ചു അവരോട് സംസാരിക്കുന്നതിന് ഈ വേദിക്കല്ലിലെ എഴുത്തു തന്നേ പൗലൊസ് തന്റെ പ്രാരംഭ പരാമർശമായി ഉപയോഗിച്ചു.

പൗലൊസ് അവരുടെ മുമ്പിൽ വെളിപ്പെടുത്തിയ പ്രധാന ന്യായവാദങ്ങളിൽ താഴെപ്പറയുന്ന സത്യങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു:

**എ) ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും സകല പ്രപഞ്ചത്തിനും ദൈവമാണ്**, അവനാണ് ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയവൻ (**വാക്യം 24**).

**ബി) അവൻ സകല മനുഷ്യജാതികളെയും ഉളവാക്കിയ ദൈവമാണ്**, അവനാണ് മനുഷ്യർക്ക് ജീവൻ നൽകുന്നതും അതിനെ പരിപാലിക്കുന്നതും (**വാക്യം 25**).

**സി) അവൻ സകല മനുഷ്യജാതികളുടെയും ദൈവമാണ്**, അവനാണ് അവരുടെ നിവാസത്തിന് അതിരുകളും കാലങ്ങളും നിശ്ചയിച്ചിരിക്കുന്നത് (**വാക്യം 26**).

**ഡി) അവൻ സകല മനുഷ്യരെയും ന്യായം വിധിക്കുവാൻ പോകുന്ന ന്യായാധിപതിയാണ്**, അവൻ സകല ലോകത്തെയും നീതിയിൽ ന്യായം വിധിക്കുന്നതിനായി ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. അതിനാൽ ആ ദൈവത്തിനു ഇന്നു സകല മനുഷ്യരോടും മാനസാന്തരപ്പെടുവിൻ എന്ന് കല്പിക്കുവാൻ അധികാരമുണ്ട് (**വാക്യം 30-31**).

അഥേനയിൽ പൗലൊസ് കാണുവാനിടയായ വിവിധ തരത്തിലുള്ള വിഗ്രഹങ്ങൾ നിമിത്തം അവൻ വളരെ അസ്വസ്ഥനായി. അവയെല്ലാം പൊന്ന്, വെള്ളി, കല്ല് മുതലായ വസ്തുക്കൾ കൊണ്ടു ദൈവങ്ങൾ എന്ന സങ്കല്പത്തിൽ കൊത്തിയുണ്ടാക്കിയ ജീവനില്ലാത്ത വിഗ്രഹങ്ങളായിരുന്നു. അവയെ പരാമർശിച്ചുകൊണ്ട് പൗലൊസ് അഥേനരുടെ ചിന്താശക്തിയെ ഉണർത്തി.

അവൻ അവരോടു പറഞ്ഞു, "മനുഷ്യരുടെ ശില്പവിദ്യയും സങ്കല്പവും കൊണ്ട് കൊത്തിയുണ്ടാക്കിയിരിക്കുന്ന ഇത്തരം നിഷ്പ്രയോജനങ്ങളായ ദൈവസങ്കല്പങ്ങളിൽനിന്നു മാനസാന്തരപ്പെട്ട് സത്യദൈവത്തിങ്കലേയ്ക്കു തിരിഞ്ഞുവരേണ്ടതായ കാലം ആസന്നമായിരിക്കുന്നു" "ലോകത്തെ ന്യായം വിധിക്കുവാൻ നിയമിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ ഏതുസമയത്തും വരാം, കാരണം ആ നിയമനം ദൈവീകം എന്നതിന്റെ ഉറപ്പ് സകല മനുഷ്യർക്കും ലഭിക്കത്തക്ക വിധത്തിൽ, അതിനു തെളിവായി, ദൈവം അവനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചിരിക്കുന്നു" ഈ വാക്കുകൾക്ക് പൗലൊസിനു ലഭിച്ച പ്രതികരണം ആശാവഹമായിരുന്നില്ല, കാരണം വളരെ കുറച്ചു പേർ മാത്രമേ അതു വിശ്വസിച്ചുള്ളൂ (**വാക്യം 34**).

എന്നിരുന്നാലും, **വാക്യം 27ൽ** നിങ്ങൾക്കു കാണാൻ കഴിയുന്നത്, മഹോന്നതനായ ഈ സത്യദൈവം യഥാർത്ഥത്തിൽ അവനെ അന്വേഷിക്കുന്ന സകലർക്കും സമീപസ്ഥനായിരിക്കുന്നുവെന്നാണ്. നാം ഓരോരുത്തരും നമ്മോടു തന്നെ ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്: "ഞാൻ അവനെ എത്രത്തോളം നന്നായി അറിയുന്നുണ്ട്?"

**പഠനം 1. ദൈവത്തെക്കുറിച്ചുള്ള അടിസ്ഥാന സത്യങ്ങൾ**

**1** **ക്രിസ്തീയമാർഗ്ഗത്തെക്കുറിച്ച് പൗലൊസ് പരസ്യമായി പ്രസംഗിച്ച പ്രത്യേക ചന്തസ്ഥലത്തിന്റെ പേര് എന്തായിരുന്നു?** 1

.................................................................................................................................................

**2** **ഈ വാക്യങ്ങളിലെല്ലാം വിട്ടു പോയിരിക്കുന്ന വാക്കുകൾ ചേർത്തു പൂരിപ്പിക്കുക** 7

1. പൗലൊസിന്റെ വാക്കുകൾ കേട്ടു വിശ്വസിച്ച സ്ത്രീയുടെ പേര് .......................................*(വാക്യം 34)*
2. ദൈവം ........................................................................................ വാസം ചെയ്യുന്നില്ല
3. ദൈവം സ്വർഗ്ഗത്തിനും ...................................................... നാഥനാകകൊണ്ട്
4. പൗലൊസ് പറയുന്ന ആശയങ്ങൾ .................................................... എന്നായിരുന്നു അഥേനർ ചിന്തിച്ചത്.
5. ഇപ്പോൾ എല്ലായിടത്തും എല്ലാവരും ..................................................ദൈവം മനുഷ്യരോടു കല്പിക്കുന്നു.
6. എപ്പിക്കൂര്യരും സ്തോയിക്കരും ........................................................ എന്നു അറിയപ്പെട്ടിരുന്നു
7. പൗലൊസിന്റെ വാക്കു കേട്ടു വിശ്വസിച്ച മനുഷ്യന്റെ പേര്? ...............................................*വാക്യം 34)*

**3** **പൗലൊസ് അഥേനാനഗരത്തിൽ വന്നപ്പോൾ അവന് എന്താണ് അനുഭവപ്പെട്ടത്? വിവരിക്കുക** 2

.................................................................................................................................................

.................................................................................................................................................

**4** **അഥേനർ പൂജിച്ചുകൊണ്ടിരുന്ന അവരുടെ ദേവന്മാരിൽനിന്ന് പൗലൊസ് പ്രസംഗിച്ച ദൈവം ഏതെല്ലാം രീതികളിലാണ് വ്യത്യസ്തനായിരിക്കുന്നത്?** 4

.................................................................................................................................................

.................................................................................................................................................

.................................................................................................................................................

**5** a. **ഈ ആധുനികകാലത്ത് വിഗ്രഹങ്ങളായി കാണുവാൻ കഴിയുന്ന ചില കാര്യങ്ങൾ ഏതൊക്കെയാണെന്നു നിർദ്ദേശിക്കുക** 4

.................................................................................................................................................

.................................................................................................................................................

.................................................................................................................................................

b. **പ്രയോജനമില്ലാത്ത കാര്യങ്ങളെ വിട്ട് ദൈവത്തിങ്കലേയ്ക്കു തിരിയേണ്ടത് അത്യാവശ്യവും പ്രാധാന്യമേറിയതുമായിരിക്കുന്നത് എന്തുകൊണ്ട്?** 4

.................................................................................................................................................

.................................................................................................................................................

.................................................................................................................................................

**6** **അഥേനയിൽ വെച്ച് പൗലൊസ് പ്രസംഗിച്ചതു കേട്ടവരിൽ മൂന്നു വിധത്തിലുള്ള പ്രതികരണങ്ങൾ ഉണ്ടായി. ആ പ്രതികരണങ്ങൾ ഏതെല്ലാം?** 3

a. .................................................................................................................................................

b. .................................................................................................................................................

c. .................................................................................................................................................

**25**
ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ദൈവം

**യൂണിറ്റ് A**

## പഠനം 2. പ്രപഞ്ചസ്രഷ്ടാവായ ദൈവം

പേര്: ..........................................................

**വായിക്കുക: ഉൽപ്പത്തി 1: 1-31**

**താക്കോൽവാക്യം: ഉൽപ്പത്തി 1:1**

**"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"**

കഴിഞ്ഞ ചില നൂറ്റാണ്ടുകളായി ശാസ്ത്രജ്ഞന്മാർ നാം വസിക്കുന്ന ഈ പ്രപഞ്ചത്തെ സംബന്ധിച്ചു വളരെ വിലപ്പെട്ട കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവർ കണ്ടെത്തിയ കാര്യങ്ങൾ അവരുടെ ഗവേഷണത്തിനും സൂക്ഷ്മപരിശോധനയ്ക്കും വിധേയമാക്കാൻ കഴിയാത്ത വിധത്തിൽ യാതൊരു ഭൗതികകാര്യങ്ങളും അത്രയും ബൃഹത്തായതോ അത്രയും സൂക്ഷ്മമായതോ ആയിരിക്കുന്നില്ല. ഈ പ്രപഞ്ചത്തിലുള്ള സകലതും എങ്ങനെ പരസ്പരം യോജിപ്പോടെ പ്രവർത്തിക്കുന്നു എന്ന് അവർക്കു കണ്ടെത്താൻ സാധിച്ചു. അണുക്കളെക്കുറിച്ചും പരമാണുക്കളെക്കുറിച്ചും, മൃഗങ്ങളെക്കുറിച്ചും സസ്യങ്ങളെക്കുറിച്ചും, ഗ്രഹങ്ങളെക്കുറിച്ചും അഗ്നിപർവ്വതങ്ങളെ ക്കുറിച്ചും വിഷാണുക്കളെക്കുറിച്ചും, അവയുടെയെല്ലാം പ്രവർത്തനങ്ങളെക്കുറിച്ചും എല്ലാം അവർ പരിശോധിച്ചു മനസ്സിലാക്കി. ജീവിവർഗ്ഗങ്ങളുടെ വളർച്ചയെക്കുറിച്ചും അവയുടെ വികാസത്തെക്കുറിച്ചും അവയുടെ അവസ്ഥാമാറ്റങ്ങളെക്കുറിച്ചും സ്വഭാവഭേദങ്ങളെക്കുറിച്ചും അവയുടെ ആവിർഭാവങ്ങളെക്കുറിച്ചുമെല്ലാം പരിശോധിച്ചപ്പോൾ അവയ്ക്ക് ആയുർദൈർഘ്യം വളരെയില്ല എന്നും ശാസ്ത്രജ്ഞന്മാർക്കു ഗ്രഹിക്കുവാൻ സാധിച്ചു.ജീവിതത്തിന്റെ ഒരു മേഖലയും സുരക്ഷിതമല്ല എന്ന് അവർക്ക് പരിശോധനയ്ക്കും വിശകലനത്തിനും ശേഷം മനസ്സിലായി.



എന്നാൽ ഇവയെല്ലാം എങ്ങനെയാണ് ആദ്യമായി ഉണ്ടായത്? അവയുടെ ആരംഭം എപ്പോഴായിരുന്നു? ശാസ്ത്രലോകത്തിൽ ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ യഥാർത്ഥത്തിൽ ഒരു "മഹാവിസ്പോടനം" ഉണ്ടായിട്ടുണ്ടോ?

1) "**ആദിയിൽ ദൈവം.. .**"

ഉല്പത്തിപുസ്തകത്തിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നത് സകല സൃഷ്ടിക്കും ഒരു ആരംഭമുണ്ടായിരുന്നുവെന്നും ആരായിരുന്നു അവയെ സൃഷ്ടിച്ചത് എന്നുമാണ്. യഥാർത്ഥത്തിൽ "ഉല്പത്തി" എന്ന വാക്കിന്റെ അർത്ഥം തന്നെ "ആരംഭം" എന്നാണ്. അതിൽ പറഞ്ഞിരിക്കുന്നത് സകലത്തിന്റെയും ആരംഭത്തെക്കുറിച്ചാണ് ദൈവം ഒഴികെ എന്തുകൊണ്ട്? കാരണം ദൈവത്തിന് ഒരു ആരംഭം ഇല്ല ദൈവം തന്റെ അസ്തിത്വത്തിൽ ആരംഭമില്ലാത്തവനാണ്, അവൻ നിത്യനാണ് **(സങ്കീർത്തനങ്ങൾ 90:2).**

2) "**ആദിയിൽ ദൈവം ......സൃഷ്ടിച്ചു** "

ശാസ്ത്രജ്ഞന്മാർക്ക് കാര്യങ്ങൾ അന്വേഷിച്ച് സൂക്ഷ്മപരിശോധനയും കണക്കുകൂട്ടലുകളും നടത്തി അവരുടെ സിദ്ധാന്തങ്ങൾ എന്താണെന്നു നമ്മെ അറിയിക്കുവാൻ സാധിക്കും. എന്നാൽ വിശുദ്ധ ബൈബിൾ മാത്രമേ ആധികാരികമായും ഉറപ്പോടുകൂടിയും ഈ ഭൂമി എങ്ങനെ ഉണ്ടായി എന്നു പറയുന്നുള്ളൂ. ദൈവമാണ് സകലത്തെയും തന്റെ വചനത്താൽ ഉളവാക്കിയത് എന്ന് ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ നിന്ന് നാം മനസ്സിലാക്കുന്നു **(സങ്കീർത്തനം 33:6&9)**. ആറു ദിവസം കൊണ്ടാണ് ഈ സൃഷ്ടികളെല്ലാം നടത്തിയത്. സൃഷ്ടി വിവരണത്തിന്റെ ആരംഭം മുതൽ അവസാനം വരെ നാം വായിച്ചുമനസ്സിലാക്കുന്നത്, **"ദൈവം അരുളിച്ചെയ്തു ...... ദൈവം ഉണ്ടാക്കി ........... ദൈവം സൃഷ്ടിച്ചു ....... ദൈവം അനുഗ്രഹിച്ചു"** എന്നിങ്ങനെ മാത്രമാണ്. ശാസ്ത്രവിഷയങ്ങളിൽ താല്പര്യം കാണിക്കുന്നതിനെ ബൈബിൾ നിരുത്സാഹപ്പെടുത്തുന്നില്ല. അതു നമ്മളോടു പറയുന്നത് എല്ലാറ്റിന്റെയും ഉറവിടം ദൈവം ആകുന്നു എന്നാണ്. അതു തന്നെയാണ് പൗലൊസ് അഥേനരോടും പറഞ്ഞത്: **"ലോകവും അതിലുള്ളത് ഒക്കെയും ഉണ്ടാക്കിയ ദൈവം ....." (അപ്പൊസ്തലപ്രവൃത്തികൾ 17:24).**

3) "**ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.**"

ദൈവം സകലത്തെയും സൃഷ്ടിച്ചുവെങ്കിലും, **ഉല്പത്തി 1ൽ** പറയുന്നത് നാം അധിവസിക്കുന്ന ഈ ലോകത്തോടു ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമാണ് ഭൂമി എന്ന നമ്മുടെ ഗ്രഹത്തോടു ബന്ധപ്പെട്ട കാര്യങ്ങൾ. സൂര്യനെക്കുറിച്ചും ചന്ദ്രനെക്കുറിച്ചും നക്ഷത്രങ്ങളെക്കുറിച്ചും പറഞ്ഞിട്ടുണ്ടെങ്കിലും അതെല്ലാം ഈ ഭൂമിയോടു ബന്ധപ്പെട്ട അവയുടെ പ്രവർത്തനങ്ങളെ കാണിക്കുവാൻ മാത്രമാണ്. മനുഷ്യബുദ്ധിക്കു ഗ്രഹിക്കാൻ കഴിയാത്ത വിധത്തിൽ ഏറ്റവും വിസ്തൃതമായ ഈ പ്രപഞ്ചത്തിലെ ഒരു കൊച്ചുനക്ഷത്രമായ സൂര്യനു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്ന ഗ്രഹങ്ങളിൽ ഒന്നു മാത്രമാണ് നമ്മുടെ ഭൂമി. എന്നാൽ ദൈവമാണ് അതിനെയും അതിലുള്ള സകലത്തെയും ഉളവാക്കിയത്. അതിനേക്കാളുപരി, ദൈവം തന്റെ സൃഷ്ടികളെ മുഴുവൻ പരിപാലിക്കുന്നു **(യെശയ്യാവ് 40:2831).**

ദൈവം ഒന്നാമതായി ഉളവാക്കിയത് വെളിച്ചമായിരുന്നു "ഇരുട്ടിനെയും അന്ധകാരത്തെയും നീക്കം ചെയ്യുന്നതിനുള്ള സംവിധാനം. തുടർന്ന് അവൻ ഓരോരോ മേഖലകളിൽ അതാതു ജീവികളെ സൃഷ്ടിച്ചു"കരയിലും കടലിലും ആകാശത്തിലും. ഇതൊക്കെയും കാണിക്കുന്നത് ദൈവം സകലതും പൂർണ്ണമായും ഭംഗിയായും ക്രമമായും ചെയ്തുകൊണ്ട് കാര്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവമാണ്, അജ്ഞതയുടെയും ആശയക്കുഴപ്പത്തിന്റെയും ദൈവമല്ല എന്നാണ്. അവനെക്കുറിച്ചു നമുക്കു മറ്റെന്താണ് അറിയുവാൻ സാധിക്കുന്നത്? അവൻ ജീവദാതാവാണ് സസ്യങ്ങൾക്കും മൃഗങ്ങൾക്കും മനുഷ്യർക്കും ജീവനുള്ള സകലത്തിനും ജീവൻ നൽകുന്ന ദൈവം. അത് പൗലൊസ് അവിടെ വ്യക്തമാക്കിയിട്ടുണ്ട്: **"താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ." (അപ്പൊ. പ്രവൃ.17:25)**.

4) "**താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അത് എത്രയും നല്ലത് എന്നു കണ്ടു**"**(ഉല്പത്തി1:31).**

തന്റെ സൃഷ്ടിപ്പിന്റെ ഓരോ ഘട്ടത്തിലും, ഒടുവിൽ തന്റെ സൃഷ്ടിപ്പ് പൂർത്തിയാക്കിയ ശേഷവും, ദൈവം താൻ ഉണ്ടാക്കിയ സകലത്തെയും നോക്കിയിട്ട് അതിൽ തന്റെ തൃപ്തി വെളിപ്പെടുത്തി. ആ പ്രവൃത്തിയുടെ കാര്യത്തിൽ എനിക്ക് ഒരു അബദ്ധം പറ്റി, അതു ഞാൻ ഒന്നുകൂടെ പരിശ്രമിച്ചുനോക്കട്ടെ" എന്ന് ദൈവത്തിന് ഒരിക്കലും പറയേണ്ടിവന്നില്ല. ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച ദൈവമായ കർത്താവ് സമ്പൂർണ്ണ ശക്തിയും ജ്ഞാനവും ഉള്ളവനാണ് **(വെളിപ്പാട് 4:11).**



# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 2.** പ്രപഞ്ചസ്രഷ്ടാവായ ദൈവം

**1** **ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിൽ ദൈവത്തിന്റെ സൃഷ്ടിപ്പിനെ സംബന്ധിച്ച വിവരണങ്ങളാണുള്ളത്. താഴെക്കൊടുത്തിരിക്കുന്ന ഓരോ പ്രവൃത്തിയുടെയും നേരെ അതാതിന്റെ വാക്യനമ്പർ രേഖപ്പെടുത്തുക.** (5)

*"ദൈവം സൃഷ്ടിച്ചു"* വാക്യം ....................
*"ദൈവം കല്പിച്ചു"* വാക്യം .........................
*"ദൈവം കണ്ടു"* വാക്യം ....................
*"ദൈവം ഉണ്ടാക്കി"* വാക്യം ..........................
*"ദൈവം അനുഗ്രഹിച്ചു"* വാക്യം ....................

**2** **സങ്കീർത്തനം 33:6–8 വായിക്കുക. സൃഷ്ടിപ്പിൽ ദൈവത്തിനുള്ള മഹാശക്തിയെ കാണുമ്പോൾ നാം നമ്മുടെ സ്രഷ്ടാവിനോടു കാണിക്കേണ്ടതായ മനോഭാവം എന്താണ്?** (3)

..............................................................................................................................................

..............................................................................................................................................

**3** **യെശയ്യാവ് 40:28–31 നമ്മോടു പറയുന്നത് ദൈവം തന്റെ സൃഷ്ടികൾക്കുവേണ്ടി കരുതുന്നു എന്നാണ്.** (6)

a. ഈ വാക്യങ്ങളിൽ ദൈവത്തെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് വിവരിച്ചിരിക്കുന്നത്?

..............................................................................................................................................

..............................................................................................................................................

b. ദൈവത്തോടു തുലനം ചെയ്യുമ്പോൾ നാം തീർത്തും അശക്തരാണ്. ഇന്ന് നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ശക്തി അനുഭവമാകുന്നത് എങ്ങനെയാണ്?

..............................................................................................................................................

..............................................................................................................................................

**4** **ഉല്പത്തി പുസ്തകം 1:22 & 28 വാക്യങ്ങളിൽ നിന്ന് ദൈവം താൻ ഉണ്ടാക്കിയ സൃഷ്ടികളെ സ്നേഹിക്കുന്നു എന്നു കാണിക്കുന്ന വാക്കുകൾ ചേർത്തു വിട്ടു പോയ ഭാഗം പൂരിപ്പിക്കുക** (1)

"ദൈവം അവയെ/ അവരെ ............................................."

**5** **താഴെ കൊടുത്തിരിക്കുന്ന കോളങ്ങളിൽ ദൈവം ആറു ദിവസങ്ങളിൽ ഓരോ ദിവസവും ചെയ്ത സൃഷ്ടി പ്രവൃത്തികൾ ഏതൊക്കെ എന്നു ചുരുക്കി എഴുതുക** (6)

| | | | |
|---|---|---|---|
| ഒന്നാം ദിവസം | | നാലാം ദിവസം | |
| രണ്ടാം ദിവസം | | അഞ്ചാം ദിവസം | |
| മൂന്നാം ദിവസം | | ആറാം ദിവസം | |

**6** **ഈ അദ്ധ്യായം, ബൈബിളിലെ മറ്റേതൊരു ഭാഗവും പോലെ, ദൈവം അരുളിച്ചെയ്ത കാര്യങ്ങളെ നാം പൂർണ്ണമായി വിശ്വസിക്കണമെന്ന് നമ്മോട് ആഹ്വാനം ചെയ്യുന്നു. എബ്രായർ 11: 3, 6 എന്നീ വാക്യങ്ങൾ വായിച്ചതിനു ശേഷം ആ രണ്ടു വാക്യങ്ങളും ഇവിടെ എഴുതുക.** (4)

..............................................................................................................................................

..............................................................................................................................................

..............................................................................................................................................

..............................................................................................................................................

..............................................................................................................................................

..............................................................................................................................................

**25**
ആകെ മാർക്ക്

# ന്യൂലൈഫ്

**ബൈബിൾ പഠന കോഴ്സ്**

# ദൈവം

## യൂണിറ്റ് A

## പഠനം 3. സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ ദൈവം

പേര്: ........................................................

**വായിക്കുക: സങ്കീർത്തനം 104: 1-35**

**താക്കോൽവാക്യം: സങ്കീർത്തനം 147 :15**

**"അവൻ തന്റെ ആജ്ഞ ഭൂമിയിലേയ്ക്ക് അയയ്ക്കുന്നു."**

" **ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വേനലും വർഷവും രാവും പകലും നിന്നു പോകയുമില്ല." ഉല്പത്തി പുസ്തകം** 8:22 ൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഇതാണ് സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായിരിക്കുന്ന ദൈവം നിർണ്ണയിച്ചിട്ടുള്ളത്. അവൻ നാം അധിവസിക്കുന്ന ഈ ഭൂമിയെ നിശ്ചിത നിയമമനുസരിച്ചും ക്രമമനുസരിച്ചും നില കൊള്ളുന്ന ഒന്നായിട്ടാണ്ഉണ്ടാക്കിയിട്ടുള്ളത്. ഈ ഭൂമിയിൽ മനുഷ്യവർഗ്ഗം ജീവിച്ചിരിക്കേണ്ടതിന് ദൈവം അതിനാവശ്യമായത് എല്ലാം അതിൽ ക്രമീകരിച്ചിരിക്കുന്നു.രാത്രിയും പകലും, വേനലും വർഷവും എല്ലാം. രാത്രിയായിക്കഴിയുമ്പോൾ പിറ്റേന്നു പ്രഭാതത്തിൽ സൂര്യൻ ഉദിക്കും എന്ന കാര്യത്തിൽ ആർക്കും സംശയം ഉണ്ടാകാറില്ല. വസന്തകാലത്ത് സൂര്യന്റെ ചൂടു തട്ടി ഭൂമിയിൽ ഉഷ്ണം വർദ്ധിച്ചു കഴിയുമ്പോൾ, അതിനു ശേഷം മരങ്ങളും മൃഗങ്ങളുമെല്ലാം പുതിയ ഉണർവ്വും ജീവനും ചൈതന്യവും പ്രകടിപ്പിച്ച് അതിനോട് പ്രതികരിക്കാറുണ്ട്.

**104-ാം സങ്കീർത്തനം** എഴുതിയ വ്യക്തി തീർച്ചയായും പ്രകൃതിയിൽ സംഭവിക്കുന്ന കാര്യങ്ങളെയും അതിന്റെ സ്രഷ്ടാവിനെയും കുറിച്ച് നന്നായി അറിയുന്ന ആളായിരുന്നു. അവൻ ദൈവത്തെക്കുറിച്ചും ഈ ഭൂമിയോടു ബന്ധപ്പെട്ട് ദൈവം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചും വളരെ വ്യക്തതയും കൃത്യതയുമുള്ള ചിത്രങ്ങൾ നമുക്കു വരച്ചുകാട്ടിത്തന്നിട്ടുണ്ട്. വസ്ത്രം ധരിക്കുമ്പോലെ പ്രകാശം ധരിക്കുന്നവനായിട്ടാണ് അവൻ ദൈവത്തെക്കുറിച്ചു വർണ്ണിച്ചിരിക്കുന്നത്. അവൻ സകലത്തെയും സൃഷ്ടിച്ചവനാണ്, മേഘങ്ങളെ തന്റെ വാഹനമാക്കി സഞ്ചരിക്കുന്നവനാണ്, കാറ്റുകളും അഗ്നിജ്വാലയും അവന്റെ ശുശ്രൂഷക്കാരാണ്, അവന്റെ വാസസ്ഥലം സ്വർഗ്ഗവും സ്വർഗ്ഗാധിസ്വർഗ്ഗങ്ങളുമാണ്. അതിനാൽ സങ്കീർത്തനകാരൻ തന്റെ ദൈവത്തിന്റെ പ്രതാപത്തെക്കുറിച്ചും മഹത്വത്തെക്കുറിച്ചും വർണ്ണിച്ചിരിക്കുന്നതിൽ തെല്ലും അതിശയിക്കേണ്ട ആവശ്യമില്ല. താഴെപ്പറയുന്ന വാക്യങ്ങളിൽ അവൻ സ്രഷ്ടാവ് എന്ന നിലയിൽ തന്റെ ദൈവത്തിന്റെ അധികാരത്തെയും ശക്തിയെയും കുറിച്ച് വിവരിച്ചുപറഞ്ഞിരിക്കുന്നു. ദൈവം തന്റെ ജ്ഞാനത്താൽ വൈവിധ്യങ്ങൾ നിറഞ്ഞ കോടാനുകോടി സൃഷ്ടിജാലങ്ങളെ ഒക്കെയും ഉണ്ടാക്കിയിരിക്കുന്നു, അവയെക്കൊണ്ട് ഈ ഭൂമി നിറഞ്ഞിരിക്കുന്നു **(വാക്യം 24).**

താഴെപ്പറയുന്ന വാക്യങ്ങൾ വായിച്ചിട്ട് നാം അധിവസിക്കുന്ന ഈ ലോകം എത്രയധികം അത്ഭുതകരമായ ഒന്നാണെന്നു ആലോചിച്ചുനോക്കുക :

a) അവൻ ഭൂമിയെ ഒരിക്കലും ഇളകാതവണ്ണം അതിന്റെ അടിസ്ഥാനത്തിന്മേൽ സ്ഥാപിച്ചിരിക്കുന്നു **(വാക്യം 5)**

b) അവൻ സമുദ്രങ്ങൾക്ക് അതിർ നിശ്ചയിച്ചിരിക്കുന്നു **(വാക്യം 6 -9)**

c) അവൻ തന്റെ സൃഷ്ടികൾക്കൊക്കെയും ആവശ്യമായ ആഹാരവും പാർപ്പിടവും നൽകുന്നു **(വാക്യം 10 -18).**

d) അവൻ ദിവസങ്ങളെയും കാലങ്ങളെയും ക്രമീകരിച്ചിരിക്കുന്നു **(വാക്യം 19 -23)**

e) അവൻ തന്റെ സകല സൃഷ്ടികൾക്കും സമൃദ്ധിയായ ആഹാരം നൽകുന്നു **(വാക്യം 24 -28)**

f) അവൻ ജീവനെയും മരണത്തെയും നിയന്ത്രിക്കുന്നു **(വാക്യം 29-30)**

എന്നിരുന്നാലും, ചില പ്രത്യേക കാരണങ്ങളാൽ ദൈവത്തിന് പ്രകൃതിയുടെ സാധാരണ നിയമങ്ങൾക്കു വ്യതിയാനം വരുത്തിക്കൊണ്ടു പ്രവർത്തിക്കുവാൻ കഴിയും എന്ന കാര്യം നാം ഓർക്കേണ്ടതായിട്ടുണ്ട്. അതിന് രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ കഴിയും.

1. യോശുവയുടെ സൈന്യത്തിന് അമോര്യരെ പരാജയപ്പെടുത്തുവാൻ കഴിയേണ്ടതിനായി,"**സൂര്യൻ ആകാശമദ്ധ്യേ ഒരു ദിവസം മുഴുവൻ അസ്തമിക്കാതെ നിന്നു." (യോശുവാ 10:13-14).**



2. ദൈവപുത്രൻ നമ്മുടെ പാപത്തിനു പ്രായശ്ചിത്തമായി മരിച്ച സമയത്ത്, "**സൂര്യൻ ഇരുണ്ടു പോയിട്ട് ദേശത്ത് ഒക്കെയും അന്ധകാരം ഉണ്ടായി" (ലൂക്കൊസ് 23:44-45).**

സൃഷ്ടികാലം മുതൽ തന്നേ പ്രപഞ്ചത്തിലെ സകല കാര്യങ്ങളും ഏറ്റവും ക്രമീകൃതമായ രീതിയിൽ നടന്നുകൊണ്ടിരിക്കുന്നതിനാൽ, ഈ പ്രകൃതി എന്നു പറയുന്നത് സ്വയമായി പ്രവർത്തിക്കുന്ന ഒരു യന്ത്രം പോലെയാണ്, അല്ലെങ്കിൽ പ്രോഗ്രാം ചെയ്യപ്പെട്ടിരിക്കുന്നതിനനുസരിച്ചു പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ പോലെയാണ് എന്നാണ് ചില മനുഷ്യരുടെ ധാരണ. ദൈവമാണ് സകലത്തെയും സൃഷ്ടിച്ചത് എന്ന് അവർ സമ്മതിക്കുമെങ്കിൽ പോലും ദൈവത്തിന് അവയുടെ കാര്യത്തിൽ ഇപ്പോൾ ഒന്നും ചെയ്യുവാനില്ല എന്ന് അവർ ചിന്തിക്കുന്നു. അവയെല്ലാം സ്വയം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നാണ് അവരുടെ വാദം! ഭൂകമ്പം, വരൾച തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ മനുഷ്യർ പലപ്പോഴും ഭയപ്പെടാറുണ്ട് അവർ ചോദിക്കുന്നത്, ദൈവത്തിന്റെ നിയന്ത്രണത്തിലാണ് ഈ പ്രകൃതിശക്തികളെങ്കിൽ,അവൻ എന്തുകൊണ്ടാണ് ഈ ദുരന്തങ്ങൾ സംഭവിക്കുവാൻ അനുവദിക്കുന്നത് എന്നാണ്.

ഇത്തരത്തിലുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്തുന്നതിനായി പൗലൊസ് അഥേനരോടു പറഞ്ഞ കാര്യങ്ങൾ നമ്മെ ഏറെ സഹായിക്കും. നമ്മുടെ ഒന്നാമത്തെ പാഠത്തിൽ അതു നാം കണ്ടു കഴിഞ്ഞു. അവൻ അവരോട് ദൈവത്തെക്കുറിച്ചു പറഞ്ഞപ്പോൾ,"**അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത്" (അപ്പൊ. പ്രവൃ. 17:28)** എന്നു പറഞ്ഞു. നാം എക്കാലത്തും എല്ലാറ്റിനു വേണ്ടിയും അവനിലാണ് പൂർണ്ണമായി ആശ്രയിക്കേണ്ടത് എന്ന ആശയം വ്യക്തമാക്കുന്നതിനായി ആ വാക്യഭാഗം വർത്തമാനകാലത്തിലാണ് കൊടുത്തിരിക്കുന്നത് എന്ന കാര്യം പ്രത്യേകാൽ ശ്രദ്ധിക്കുക ("ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത്"). ദൈവവുമായി മനുഷ്യനുണ്ടായിരിക്കേണ്ട ബന്ധം ഈ വിധത്തിലായിരിക്കുന്നതിനാൽ, ദൈവത്തിന്റെ സകല സൃഷ്ടികളും ഇന്നും ഓരോ ദിവസവും ദൈവത്താൽ പുലർത്തപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം എന്ന് നമുക്ക് ഉറപ്പായി പറയുവാൻ സാധിക്കും. അതു തന്നേയാണ് **സങ്കീർത്തനം 104** നമ്മെ പഠിപ്പിക്കുന്നത്.

ആദാം പാപം ചെയ്യുകയും അതുകൊണ്ട് നാം ദൈവത്തിൽ നിന്ന് അകന്നു പോകുകയും ചെയ്തതിനാൽ, ദൈവം താൻ നല്ലത് എന്നു കണ്ടു തന്റെ തൃപ്തി വെളിപ്പെടുത്തിയ സൃഷ്ടികളെല്ലാം അവയുടെ പൂർണ്ണതയുണ്ടായിരുന്ന അവസ്ഥയിൽ നിന്നു മാറി നാശോന്മുഖമായിപ്പോയി. അവയെല്ലാം ഇപ്പോൾ ദൈവത്തിന്റെ ശാപത്തിൻ കീഴിൽ ആയിരിക്കുന്നു **(ഉല്പത്തി 3:17)**. ഇന്ന് ഈ ലോകം നേരിടുന്ന പ്രശ്നങ്ങൾക്ക് മനുഷ്യന്റെ അത്യാർത്തിയും അശ്രദ്ധയും ഒരു കാരണമായിട്ടുണ്ട് എന്നു പറയാം. എന്നിരുന്നാലും നമ്മുടെ കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിലേയ്ക്ക് വാഴുവാൻ മടങ്ങിവരുമ്പോൾ, ദൈവത്തിന്റെ സർവ്വ സൃഷ്ടികളും അവയുടെ സ്രഷ്ടാവിന്റെ ഇഷ്ടത്തിനു അനുയോജ്യമായ വിധത്തിൽ പരസ്പര സ്നേഹത്തിലും സഹകരണത്തിലും ജീവിക്കുന്ന അവസ്ഥയിലായിത്തീരും **(യെശയ്യാവ് 35:1,2; 65:25).**

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 3.** സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ ദൈവം

**1** A. സ്രഷ്ടാവ് എന്ന നിലയിൽ ദൈവം ഭൂമിയിൽ ആവർത്തിച്ചു സംഭവിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന സംഭവങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ നൽകുക.

........................................................................................................................................................ 4

........................................................................................................................................................

B. ദൈവത്തിന്റെ വാഗ്ദത്തമനുസരിച്ച് ഈ ക്രമം എത്ര കാലം നില നിൽക്കും?

........................................................................................................................................................

........................................................................................................................................................ 2

**2** വലിയവനായ സ്രഷ്ടാവ് തന്റെ സൃഷ്ടികൾക്കു വേണ്ടി കരുതുന്നു. ഈ പ്രസ്താവനയ്ക്കു തെളിവു നൽകുന്ന ഒരു വാക്യം താങ്കൾ വായിച്ച ബൈബിൾ ഭാഗത്തു നിന്നു തിരഞ്ഞെടുത്ത് താഴെ എഴുതുക.

........................................................................................................................................................ 6

........................................................................................................................................................

**3** ലൂക്കൊസ് 23:44, 45 വാക്യങ്ങളിൽ യേശുവിന്റെ ക്രൂശീകരണസമയത്ത് സൂര്യൻ ഇരുണ്ടുപോയിട്ട് ദേശത്തൊക്കെയും അന്ധകാരം ഉണ്ടായി എന്ന് പറഞ്ഞിരിക്കുന്ന ഭാഗം ശ്രദ്ധയോടെ വായിച്ചതിനു ശേഷം താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക :

A. ഏതു സമയം മുതൽ ഏതു സമയം വരെയാണ് അന്ധകാരം തുടർന്നത്? ..........................................................

B. ഈ സമയം ദിവസത്തിൽ സൂര്യൻ ഏറ്റവും ശക്തമായി പ്രകാശിച്ചുനിൽക്കുന്ന സമയമാണെന്ന കാര്യം മനസ്സിൽ വെച്ചു കൊണ്ട്, ഈ അസാധാരണ സംഭവത്തിന്റെ പ്രാധാന്യം എന്താണെന്നാണ് താങ്കൾ മനസ്സിലാക്കിയിരിക്കുന്നത് എന്ന് എഴുതുക.

........................................................................................................................................................

........................................................................................................................................................

C. ആ സമയത്തു നടന്ന മറ്റ് അത്ഭുതസംഭവങ്ങൾ എന്തെല്ലാം?

........................................................................................................................................................

........................................................................................................................................................

**4** ആധുനിക മനുഷ്യൻ വളരെ സാമർത്ഥ്യമുള്ളവനായതിനാൽ അവന് ദൈവത്തെ ആവശ്യമില്ല എന്ന് ആരെങ്കിലും പറഞ്ഞാൽ നിങ്ങൾ അതിന് എന്തു മറുപടി കൊടുക്കും? 5

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

**5** ഉല്പത്തിപ്പുസ്തകം 3:17-19 പ്രകാരം, ആദാമിന്റെ പാപം നിമിത്തം ഭൂമിയിൽ എന്തെല്ലാം ദോഷങ്ങളാണു ഭവിച്ചത്? 3

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

**6** ഇക്കാലത്ത്, നമ്മുടെ അത്യാഗ്രഹവും അശ്രദ്ധയും നിമിത്തം ഭൂമിയിൽ മനുഷ്യസമൂഹത്തിനു നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ അധികരിക്കുന്നു എന്നതിന് രണ്ട് ഉദാഹരണങ്ങൾ എഴുതുക. 2

........................................................................................................................................................

........................................................................................................................................................

**7** 1 പത്രൊസ് 4:19 വായിച്ചതിനു ശേഷം ദൈവത്തെക്കുറിച്ച് "വിശ്വസ്തനായ സ്രഷ്ടാവ്" എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് എന്ന് ഒരു വാചകത്തിൽ വിവരിച്ച് എഴുതുക. 3

........................................................................................................................................................

........................................................................................................................................................

........................................................................................................................................................

**25**

ആകെ മാർക്ക്

# ദൈവം

**യൂണിറ്റ് A**

## പഠനം 4. നാം ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടവർ


പേര്: ..........................................................

**വായിക്കുക: ദാനിയേൽ 4:4&5, 10-37**

**താക്കോൽവാക്യം: റോമർ 14:12**

**"ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരും"**

ദൈവം സകലത്തെയും സൃഷ്ടിച്ചു, ദൈവം തന്നേ സകലത്തെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു! ഈ പ്രകൃതിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു മാത്രം ചിന്തിച്ചാൽ പോലും, ഈ സത്യം വിശ്വസിക്കുവാൻ നമുക്കു ബുദ്ധിമുട്ടുണ്ടാകയില്ല. ഉദാഹരണമായി, നാം ശക്തിയേറിയ ദൂരദർശിനികൾ ഉപയോഗിച്ചു നോക്കിയാൽ, ദൈവം നിശ്ചയിച്ചുനൽകിയിരിക്കുന്ന ഭ്രമണപഥങ്ങളിലൂടെ തന്നേ നക്ഷത്രങ്ങളും ഗ്രഹങ്ങളും സഞ്ചരിച്ചുകൊണ്ടിരിക്കുന്നതായി നമുക്കു കാണുവാൻ സാധിക്കും. അത്തരം ശാസ്ത്രീയ ഉപകരണങ്ങളുടെ സഹായമില്ലാതെ തന്നേ, നമ്മുടെ നാട്ടിൽ വിത്തു വിതയ്ക്കുന്നതിനുള്ള സമയവും കൊയ്ത്തുസമയവുമെല്ലാം ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന സമയക്രമമനുസരിച്ചു തന്നേ വീഴ്ച കൂടാതെ ആവർത്തിച്ചാവർത്തിച്ചു വരുന്നതായി നമുക്കു മനസ്സിലാക്കാൻ സാധിക്കും. സൂര്യനും ചന്ദ്രനുമെല്ലാം അവയുടെ സ്രഷ്ടാവിനെ അനുസരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു, എന്നാൽ മനുഷ്യസമൂഹത്തെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ വ്യത്യസ്തമാണ്! നാം എല്ലാവരും ദൈവത്തോട് ആവർത്തിച്ചാവർത്തിച്ച് അനുസരണക്കേട് കാണിച്ചിട്ടുണ്ട്. മനുഷ്യരാശിയുടെ കാര്യത്തിൽ ദൈവത്തിന് അവരുടെമേലുള്ള തന്റെ നിയന്ത്രണം ഇല്ലാതായോ എന്ന് നാം സംശയിച്ചുപോയേക്കാം. ദൈവം സൃഷ്ടിച്ച തന്റെ ലോകത്തെ നമ്മൾ നശിപ്പിക്കുകയും ദുരുപയോഗം ചെയ്യുകയും ഒക്കെ ചെയ്യുന്നതു കണ്ടിട്ട് ദൈവം നിസ്സഹായനായി നോക്കിനിൽക്കുകയാണോ?



**അഹങ്കാരിയായ ഒരു രാജാവ് (വാക്യം 22 & 27)**

ഈ ചോദ്യത്തിനുള്ള ഉത്തരത്തിലേയ്ക്ക് നെബൂഖദ്നേസ്സർ രാജാവിന്റെ അനുഭവകഥ വെളിച്ചം വീശുന്നുണ്ട്. അവൻ അതിശക്തനായ ഒരു രാജാവായിരുന്നു. യുദ്ധങ്ങളിലെല്ലാം അവനു വലിയ വിജയം നേടാൻ സാധിച്ചു. അങ്ങനെ അവൻ ഈ ഭൂമിയിൽ വെച്ച് ഏറ്റവും വലിയ ഒരു സ്വേച്ഛാധിപതിയായ ഭരണാധികാരിയായിത്തീർന്നു (**ദാനിയേൽ 5:18&19 കാണുക**). തനിക്ക് ഇഷ്ടമുള്ളതുപോലെയൊക്കെ പ്രവർത്തിക്കുവാൻ അവൻ മനസ്സു വെച്ചു. മനുഷ്യരെ കൊല്ലുവാനും അവൻ മടി കാണിച്ചില്ല. അവൻ ആരോടും കണക്കു പറയുവാൻ ബാധ്യതയില്ലാത്തവനായി സ്വയം ഉയർത്തിക്കൊണ്ടിരുന്നു. സ്വന്തം കാര്യങ്ങൾക്കു മാത്രം പ്രാധാന്യം നൽകുന്ന മഹാ അഹങ്കാരിയും ആത്മപ്രശംസക്കാരനുമായി മാറി.

**ഒരു ദു:സ്വപ്നം (വാക്യം 10-17)**

ദൈവം അവനെ അങ്ങനെ തന്നെ മുമ്പോട്ടു പോകുവാൻ അനുവദിച്ചില്ല! അവന് ഉണ്ടാകുവാൻ പോകുന്ന നാശത്തെക്കുറിച്ച് ദൈവം അവന് ഒരു ഭയാനകമായ സ്വപ്നം മുഖാന്തരം മുന്നറിയിപ്പു നൽകി. ഭൂമിയുടെ നടുവിൽ ആകാശത്തോളം ഉയരത്തോടെയും വളർന്നു നിൽക്കുന്ന ഭംഗിയേറിയ ഒരു വൻ വൃക്ഷത്തെ വെട്ടിക്കളയുന്നതായിട്ടായിരുന്നു ആ സ്വപ്നം. ആ വൃക്ഷം അവനെത്തന്നേയായിരുന്നു പ്രതിനിധീകരിച്ചത്. അവൻ തന്റെ തന്നിഷ്ടരീതിയിലുള്ള ജീവിതത്തിനു വ്യതിയാനം വരുത്തിയില്ലെങ്കിൽ, ഉടൻ തന്നേ ദൈവത്തിന്റെ ന്യായവിധി അവൻ നേരിടേണ്ടതായി വരും എന്നതായിരുന്നു ദൈവം അവനെ കാണിച്ച ആ സ്വപ്നത്തിന്റെ അർത്ഥം.

**നല്ല ഉപദേശം (വാക്യം 19-27)**

നെബൂഖദ്നേസ്സർ രാജാവ് ബേൽത്ത്ശസ്സർ എന്നു വിളിച്ചിരുന്ന ദാനിയേൽ ആയിരുന്നു ആ സ്വപ്നത്തിന്റെ അർത്ഥവും ഉദ്ദേശ്യവും അറിയിച്ചുകൊടുത്തത്. ആസന്ദർഭത്തിൽ ദാനിയേൽ രാജാവിനോട് അവൻ തന്റെ ജീവിതരീതിയിലും മനോഭാവത്തിലും മാറ്റങ്ങൾ വരുത്തേണം എന്നു പറയുവാൻ മറന്നില്ല (**വാക്യം 27**). നെബൂഖദ്നേസ്സറായിരുന്നാലും, നാം ഓരോരുത്തരും ആയിരുന്നാലും, നമ്മളെല്ലാവരും അനുവർത്തിക്കേണ്ടതായ ശരിയായ കാര്യം, നമ്മെത്തന്നേ ദൈവമുമ്പാകെ സ്വയം താഴ്ത്തുകയും, നമ്മുടെ പാപങ്ങളെ അനുതപിച്ച് ഏറ്റുപറയുകയും , നമ്മോടു ക്ഷമിക്കുവാൻ അവനോട് അപേക്ഷിക്കുകയും ചെയ്യുക എന്നതാണ്. (**അപ്പൊസ്തലപ്രവൃത്തികൾ 17:30; യാക്കോബ് 4:10**).

**ഒരു വലിയ വീഴ്ച (വാക്യം 28-33)**

ഒരു വർഷക്കാലം ദൈവത്തിന്റെ ഈ മുന്നറിയിപ്പിന് രാജാവ് ചെവികൊടുത്തില്ല (**വാക്യം 29**). നെബൂഖദ്നേസ്സർ മുമ്പിലത്തെപ്പോലെ തന്നേ അഹങ്കരിച്ചും തന്നിഷ്ടം ചെയ്തും ഭരണം നടത്തിക്കൊണ്ടിരുന്നു! എന്നാൽ, "നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാനും അവൻ(ദൈവം) പ്രാപ്തൻ തന്നേ" (**വാക്യം 37**). അതുകൊണ്ട് ദൈവം അവനെ വെട്ടിവീഴ്ത്തുവാൻ സംഗതിയായി. ഒരു കാലത്ത് പ്രതാപിയും ആത്മപ്രശംസക്കാരനുമൊക്കെയായിരുന്ന നെബൂഖദ്നേസ്സറിന്റെ മനോനില തെറ്റി, സമൂഹം അവനെ കൈവെടിഞ്ഞു, അവനെ മനുഷ്യരുടെ ഇടയിൽ നിന്നു നീക്കിക്കളഞ്ഞു, വയലിൽ ഒരു മൃഗത്തെപ്പോലെ അവൻ കഴിയേണ്ടി വന്നു! ദൈവം ഒരു മനുഷ്യന്റെ മേൽ വരുത്തിയ തികച്ചും അസാധാരണമായ ഒരു ന്യായവിധിയായിരുന്നു അത്. ഈ ചരിത്രം ബൈബിളിൽ രേഖപ്പെടുത്തി നമുക്കു തന്നിരിക്കുന്നതിന് ഒരു ഉദ്ദേശ്യമുണ്ട്. ഈ ഭൂമിയിൽ ജീവിക്കുന്ന എത്ര ഉന്നതനായ മനുഷ്യനാണെങ്കിലും സകലരും അവർ എങ്ങനെ ജീവിക്കുന്നു എന്നതിന് ദൈവത്തോട് കണക്കു ബോധിപ്പിക്കേണ്ടിവരും എന്ന് നമ്മെ പഠിപ്പിക്കുക എന്നതാണ് ആ ഉദ്ദേശ്യം.

**കഠിനമായ ഒരു പാഠം**

ദൈവമാണ് അത്യുന്നതൻ എന്ന ഒരു പരമമായ സത്യം നെബൂഖദ്നേസ്സർ താൻ കടന്നുപോയ ആ കയ്പേറിയ ജീവിതാനുഭവത്തിൽ നിന്നു മനസ്സിലാക്കി. ദൈവം മുഖാന്തരം മാത്രം "രാജാക്കന്മാർ വാഴുന്നു; പ്രഭുക്കന്മാർ നീതിയെ നടത്തുന്നു" (**സദൃശവാക്യങ്ങൾ 8:15**). സകല മനുഷ്യരും അവനു കണക്കു ബോധിപ്പിക്കേണ്ടവരാണ്. നാം അവന്റെ നിയമങ്ങളെ അവഗണിച്ചാണു ജീവിക്കുന്നതെങ്കിൽ അതിനു നാം കനത്ത വില കൊടുക്കേണ്ടതായി വരും! നമ്മുടെ ജീവിതസാഹചര്യങ്ങൾ എങ്ങനെയുള്ളതായിരുന്നാലും, നാം നമ്മുടെ ജീവിതത്തെ ദൈവവചനമായ ബൈബിളിൽ വ്യക്തമാക്കിത്തന്നിരിക്കുന്ന ഉപദേശത്തിനനുസരിച്ച് ക്രമപ്പെടുത്തുവാൻ ആവശ്യമുണ്ട്.

**സന്തോഷകരമായ ഒരു പര്യവസാനം (വാക്യം 34-37)**

ഒടുവിൽ നെബൂഖദ്നേസ്സർ മാനസ്സികമായും ശാരീരികമായും തനിക്കു നേരിട്ട രോഗാവസ്ഥയൊക്കെ മാറി പൂർണ്ണമായ ആരോഗ്യസ്ഥിതിയിലേയ്ക്കു മടങ്ങിവന്നു. അവനു തന്റെ രാജത്വവും തിരികെ പ്രാപിക്കുവാൻ സാധിച്ചു (**വാക്യം 36**). അവൻ ദൈവത്തെ മഹത്വപ്പെടുത്തുകയും തന്റെ ജീവിതത്തിൽ ദൈവത്തിനു ഉന്നതമായ സ്ഥാനം കൊടുക്കുകയും ചെയ്തതിനാൽ അവൻ തികച്ചും വ്യത്യസ്തനായ ഒരു മനുഷ്യനായിത്തീർന്നു. അവനു നേരിട്ട അനുഭവങ്ങൾ നിമിത്തം, നെബൂഖദ്നേസ്സറല്ല, ദൈവമാണ് പരമാധികാരി എന്ന സത്യം അവൻ അംഗീകരിച്ചു. ഒരു കാലത്ത് അഹങ്കാരിയും ധാർഷ്ട്യക്കാരനുമായിരുന്ന രാജാവ് ഒടുവിൽ സ്വർഗ്ഗസ്ഥനായ രാജാവിന് സ്തുതിയും പുകഴ്ചയും ബഹുമാനവും നൽകി (**വാക്യം 37**). നാം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ നാം ദൈവത്തിനു കണക്കു ബോധിപ്പിക്കേണ്ടതാണ് എന്ന സത്യം നമ്മെ ഗ്രഹിപ്പിക്കേണ്ടതിനായി ദൈവം പല രീതികളിൽ നമ്മോട് ഇടപെടാറുണ്ട്. നമ്മുടെ ജീവിതത്തിൽ നാം പിന്തുടരുവാനാവശ്യമായ ഏറ്റവും നല്ല മാർഗ്ഗം ദൈവത്തിന്റെ മുമ്പാകെ നമ്മെത്തന്നെ താഴ്ത്തുകയും, ദൈവം നമുക്കായി തന്ന നമ്മുടെ രക്ഷിതാവിൽ നാം ഓരോരുത്തരും വ്യക്തിപരമായി നമ്മുടെ വിശ്വാസം അർപ്പിക്കുകയും ചെയ്യുക എന്നതാണ്.

# ന്യൂലൈഫ്
# പ്രവൃത്തി പരിചയം

**പഠനം 4.** ദൈവത്തിനു നാം കണക്കു ബോധിപ്പിക്കേണ്ടവർ

**1** **ഈ പാഠത്തിന്റെ ആരംഭഭാഗത്തു നിന്നും നാം മനസ്സിലാക്കുന്ന സത്യം നാം എല്ലാവരും ദൈവത്തോട് അനുസരണക്കേടു കാണിച്ചു എന്നാണ്.** (4)

A. ഈ കാലത്തു ജീവിക്കുന്ന ഒരു യുവാവ് എങ്ങനെയായിരിക്കും അപ്രകാരം ചെയ്യുന്നത് എന്നതിന് രണ്ടു ഉദാഹരണങ്ങൾ നൽകുക.

.............................................................................................................................................

.............................................................................................................................................

B. കൊലോസ്യർ 3:5,6 വാക്യങ്ങൾ വായിച്ചു മനസ്സിലാക്കിയതിനു ശേഷം, ദൈവത്തോട് അനുസരണക്കേടു തുടർന്നാൽ എന്തായിരിക്കും അതിന്റെ ഫലം എന്ന് നിങ്ങളുടെ സ്വന്തം വാക്കുകളിൽ വിവരിക്കുക.

.............................................................................................................................................

.............................................................................................................................................

**2** **നെബൂഖദ്നേസ്സർ ഒരു "സ്വേച്ഛാധിപതി"യായിരുന്നു അല്ലെങ്കിൽ ഒരു "ഏകാധിപതി"യായിരുന്നു. അതിന്റെ അർത്ഥം അവൻ മനുഷ്യജീവിതങ്ങളുടെ മേൽ തന്റെ പരിപൂർണ്ണ അധികാരം നടപ്പിലാക്കിയിരുന്നു. ദാനിയേൽ 5:18,19 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപ്രകാരം അവൻ തന്റെ അധികാരം പ്രയോഗിച്ചു ചെയ്ത നാലു കാര്യങ്ങൾ ഏതെല്ലാമെന്നു കാണിക്കുക.** (2)

.............................................................................................................................................

.............................................................................................................................................

**3** **നമ്മുടെ ബൈബിൾ വായനാഭാഗത്ത്, അഞ്ചു പ്രാവശ്യം ദൈവത്തെക്കുറിച്ച് "അത്യുന്നതൻ" അല്ലെങ്കിൽ "പരമാധികാരിയായ ദൈവം" എന്നു പറഞ്ഞിട്ടുണ്ട്. ഈ പരാമർശം, ദൈവം സകലത്തിനും മീതെയുള്ളവൻ എന്നും നാം അവനു കണക്കു ബോധിപ്പിക്കേണ്ടവർ എന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൈവത്തെ ഈ നാമത്താൽ പരാമർശിച്ചിരിക്കുന്ന അഞ്ചു വാക്യസൂചനകൾ താഴെ കോളത്തിൽ എഴുതുക.** (5)

| | | | | |
|---|---|---|---|---|
| | | | | |

**4** A. **നെബൂഖദ്നേസ്സർ തന്റെ സ്വപ്നത്തിൽ എന്താണു കണ്ടതെന്നു ഒരു വാചകത്തിൽ വിവരിക്കുക.** (3)

.............................................................................................................................................

B. നെബൂഖദ് നേസ്സർ സ്വപ്നത്തിൽ കണ്ട വൃക്ഷം ആരെ സൂചിപ്പിക്കുന്നു? ..............................................................

C. വൃക്ഷം വെട്ടിക്കളഞ്ഞത് ഏതു കാര്യത്തെ സൂചിപ്പിക്കുന്നു? ..............................................................

**5** A. **ഏതെല്ലാം രീതികളിലാണ് ദൈവത്തിന്റെ ന്യായവിധി നെബൂഖദ്നേസ്സറിന്റെ മേൽ വന്നത്?** (6)

.............................................................................................................................................

B. ദൈവത്തിന്റെ ശിക്ഷ അവന്റെമേൽ വരാതിരിക്കുവാൻ അവന് എന്താണു ചെയ്യുവാൻ കഴിയുമായിരുന്നത്?

.............................................................................................................................................

C. നമ്മുടെ അനുസരണക്കേടിനുള്ള ശിക്ഷ നാം അനുഭവിക്കാതിരിക്കേണ്ടതിന് ദൈവം എന്താണു ചെയ്തത്?

.............................................................................................................................................

**6** **സദൃശവാക്യങ്ങൾ 16:18 വായിക്കുക. ഈ വാക്യം നെബൂഖദ്നേസ്സറിനുണ്ടായ അനുഭവത്തെ ഏതു രീതിയിലാണ് ചിത്രീകരിച്ചിരിക്കുന്നത്?** (2)

.............................................................................................................................................

.............................................................................................................................................

**7** **ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു പറയുന്നതിന്റെ അർത്ഥം എന്താണെന്ന് കഴിയുന്നത്രയും നന്നായി വ്യക്തമാക്കിക്കൊണ്ടു വിശദീകരിക്കുക** (3)

.............................................................................................................................................

.............................................................................................................................................

100 — യൂണിറ്റിന്റെ ആകെ മാർക്ക്

Return your study sheets to:

25 — ആകെ മാർക്ക്

© Bible Educational Services, www.besweb.com